(1)	(2)
തൃശ്ശൂർ	1368
പാലക്കാട്	89
മലപ്പുറം	604
കോഴിക്കോട്	417
വയനാട്	89
കണ്ണൂർ	113
കാസർഗോഡ്	164

ലാൻഡ് ബാങ്ക്

13 (*253) ശ്രീമതി ജെ. അരുന്ധതി :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലാന്റ് ബാങ്ക് രൂപീകരിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(ബി) സർക്കാർ ഭൂമിയെ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ലാന്റ് ബാങ്കിൽ ലഭ്യമാക്കിയിട്ടുണ്ടോ ;

(സി) ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റ് മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ ;

(ഡി) എല്ലാ വില്ലേജ് ആഫീസുകളിലും പുറമ്പോക്ക് രജിസ്റ്റർ, തരിശ് രജിസ്റ്റർ, മിച്ചഭൂമി രജിസ്റ്റർ എന്നിവ കാലാകാലങ്ങളിലുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തി സൂക്ഷിക്കുന്നുണ്ടോ ;

(ഇ) ലാന്റ് ബാങ്കിൽ ഇപ്പോൾ ലഭ്യമായിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം വ്യക്തമാക്കുമോ ;

(എഫ്) ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമി സംരക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നല്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) :

(എ) സർക്കാരിന്റെ കൈവശത്തിലുള്ള പുറമ്പോക്ക് ഭൂമികൾ അതായത് കായൽ പുറമ്പോക്ക്, മിച്ചഭൂമി, പതിവ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമികൾ, ബോട്ട് ഇൻ ലാന്റ്, അന്യം നിൽപ്പ് ഭൂമികൾ എന്നിവയുടെ വിവരങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ശേഖരിച്ച് സൂക്ഷിച്ച് അവ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക് രൂപീകരിച്ചിട്ടുള്ളത്.

(ബി) സർക്കാർ ഭൂമിയെ സംബന്ധിച്ച് 14 ജില്ലാ കളക്ടറേറ്റുകളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകളുടെ വിവരം ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവരെ 25793 കേസ്സുകളിലായി 70988.7592 ഹെക്ടർ ഭൂമിയുടെ വിവരം ലാന്റ് ബാങ്കിന്റെ ഡേറ്റാ സെന്റർവഴി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ഭൂമിയുടെ വിവരങ്ങൾ www.kslbkerala.gov.in. എന്ന വെബ് സൈറ്റ് മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) നിയമപ്രകാരം എല്ലാ വില്ലേജുകളിലും പുറമ്പോക്ക് രജിസ്റ്റർ, തരിശ് രജിസ്റ്റർ, മിച്ചഭൂമി രജിസ്റ്റർ എന്നിവ കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി സംരക്ഷിക്കാൻ നിർദ്ദേശമുണ്ട്.

(ഇ) ലാന്റ് ബാങ്കിൽ ഇതുവരെ 70988.7592 ഹെക്ടർ സർക്കാർ ഭൂമിയുടെ വിവരം ലഭ്യമാക്കിയിട്ടുണ്ട്.

(എഫ്) ലാന്റ് ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുടെ സംരക്ഷണത്തിനായി പബ്ലിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സ് രൂപീകരിക്കുന്നതിനായി 27 ലക്ഷം രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ കൈയേറ്റം ബലമായി ഒഴിപ്പിക്കുക എന്നതാണ് പബ്ലിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സിന്റെ പ്രാഥമിക ചുമതല. പബ്ലിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സ് അംഗങ്ങളെ ഹോംഗാർഡ് സേനയിൽനിന്നും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓരോ വില്ലേജിലേയും സർക്കാർ ഭൂമി സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഓരോ തുണ്ട് ഭൂമിയുടെയും സമീപത്തുള്ള വീടുകളിൽ ബീറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. അതാത് വില്ലേജാഫീസറും പബ്ലിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സ് അംഗങ്ങളും മാസത്തിലൊരിക്കൽ ബീറ്റ് രജിസ്റ്ററിൽ ഒപ്പുവയ്ക്കേണ്ടതാണ്. ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ള 50 സെന്റിന് മുകളിലുള്ള സർക്കാർ ഭൂമി നിശ്ചിത ആകൃതിയിലുള്ള ജൻഡകൾ സ്ഥാപിക്കുന്നതിനായി 86,43,447 രൂപ പി.ഡബ്ല്യു. ഡി.ക്ക് നൽകി ജൻഡയൊന്നിന് 2,440 രൂപ പ്രകാരം തിരുവനന്തപുരം ജില്ലയിൽ (2000) എണ്ണം, ആലപ്പുഴ (680) ഇടുക്കി, (862) നിർമ്മിക്കുന്നിതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 50 സെന്റിന് താഴെയുള്ള പ്രദേശത്തിന്റെ അതിർത്തികൾ വേലികെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly